"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സർക്കാർ ദന്തൽ കോളേജ് ആലപ്പുഴ -പുതിയ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈറ്റ്സിന്റെ RAB 12 & പാർട്ട് ബിൽ തുക റിലീസ് ചെയ്ത് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.322/2026/H&FWD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നമ്പർ 105/2019/ആകുവ തീയതി 18.01.2019.

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.12.2025 ലെ പിബി2-5234/2019/മെ.വി.വ നമ്പർ കത്ത്.

3. സ.ഉ.(സാധാ) നമ്പർ 573/2026/ധന തീയതി 20.01.2026.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ആലപ്പുഴ ദന്തൽ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പദ്ധതിക്ക് ₹50.57 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുത്ത ഹൈറ്റ്സ് പദ്ധതി പൂർത്തീകരിക്കുകയും കെട്ടിടം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി പരാമർശം (2) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികളുടെ RAB 12 & പാർട്ട് ബിൽ നിർമ്മാണ ഏജൻസിയായ ഹൈറ്റ്സ് സമർപ്പിച്ചത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ₹79,41,202/- രൂപ (GST ഉൾപ്പടെ) നൽകാമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ തുക അനുവദിക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. ആലപ്പുഴ ദന്തൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചെലവ് 2210-05-105-48-34OC-3OI ശീർഷകത്തിൽ നിന്നുമാണ് വഹിച്ചിരുന്നതെന്നും നിലവിൽ പ്രസ്തുത ശീർഷകത്തിൽ ₹79,41,202/- രൂപ (GST ഉൾപ്പടെ) രൂപ ലഭ്യമല്ലെന്നും അതിനാൽ ആലപ്പുഴ

ദന്തൽ കോളേജിന്റെ തന്നെ 2210-05-105-48-17-Minor Works ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള ₹1,98,00,000/- രൂപയിൽ നിന്നും ധന പുനർ:വിനിയോഗം വഴി മേൽ തുക കണ്ടെത്താവുന്നതാണെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. പരാമർശം (3) ലെ ഉത്തരവ് പ്രകാരം ₹62,57,000/- രൂപ ആലപ്പുഴ ദന്തൽ കോളേജിന്റെ 2210-05-105-48-34OC-3OI ശീർഷകത്തിൽ അനുവദിച്ച നൽകി ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴദന്തൽ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ ഏജൻസിയായ ഹൈറ്റ്സ് സമർപ്പിച്ച RAB 12 & പാർട്ട് ബിൽ തുകയായ **₹79,41,202/-** രൂപയിൽ (GST ഉൾപ്പടെ) **(എഴുപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ)** ആലപ്പുഴ ദന്തൽ കോളേജിന്റെ **"2210-05-105-48-34OC-3OI"** ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUBHASH R

ADDITIONAL SECRETARY

മെഡ്ിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ. ദന്തൽ കോളേജ്, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (1498431/എച്ച്.എൽ.റ്റി-എ2/115/2020/ധന തീയതി 22.01.2026 പ്രകാരം )

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/244/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 28-01-2026 10:38:19
സെക്ഷൻ ഓഫീസർ